**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4694,**
**22.03.2018 ൽ മറുപടിക്ക്**

**ഓൺലൈൻ സംവിധാനത്തിൽ എസ്.എൽ.ഐ, ജി.ഐ.എസ് തിരിച്ചടവ്**

| ചോദ്യം | മറുപടി |
|---|---|
| **ചോദ്യം : ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ഡോ.റ്റി.എം. തോമസ് ഐസക്ക്**<br>**ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവ നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെ ഏകീകരിച്ചിട്ടുണ്ടോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പ്രീമിയം അടവ് വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| ബി) ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് കോൺട്രിബ്യൂഷന് ഏത് കാലയളവ് വരെയാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ളത്; | സ്പാർക്ക് വഴി ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ മാർച്ച് 2017 വരെയുള്ള എസ്.എൽ.ഐ, ജി.ഐ.എസ്. പ്രീമിയം അടവ് വിവരങ്ങൾ ഡി.ഡി.ഒ. മാരിൽ നിന്ന് ഓൺ ലൈൻ ആയും അതിന് ശേഷമുള്ള വിവരങ്ങൾ സ്പാർക്കിൽ നിന്നും സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ളത്. |
| സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രസ്തുത സോഫ്റ്റ് വെയർ മുഖേനയാണോ എസ്.എൽ.ഐ, ജി.ഐ.എസ് തിരിച്ചടവ് നടത്തുന്നത്? | 'വിശ്വാസ്' സോഫ്റ്റ് വെയർ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം അടവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) 2018-19 സാമ്പത്തിക വർഷം മുതൽ ഓരോ സാമ്പത്തിക വർഷത്തെയും അടവ് സംബന്ധിച്ച വിവരം ജീവനക്കാർക്ക് ലഭ്യമാക്കുന്ന രീതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കുമോ? | 2018-19 സാമ്പത്തിക വർഷം മുതൽ ഓരോ സാമ്പത്തിക വർഷത്തെയും എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമീയം അടവ് വിവരങ്ങൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**